(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) ഭക്ഷണക്രമം സംബന്ധമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി നൽകിയിട്ടുണ്ട്. *

(എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഐ) നാല് ജോഡി വസ്ത്രം നൽകുന്നുണ്ട്.

(ജെ) ഐ.ടി.ഐ., പ്ലസ് ടു കോഴ്സുകളിൽ അന്തേവാസികളെ പുറത്ത് അയച്ച് പഠിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന യൂണിറ്റിൽനിന്നും അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നുണ്ട്.

(കെ) പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

സംയോജിത ശിശു വികസന പദ്ധതി

39 (4199) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശു വികസന പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര കേന്ദ്ര മേഖലാ പദ്ധതികളും എത്ര സംസ്ഥാന മേഖലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആനൗപചാരിക സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പോഷണ വിദ്യാഭ്യാസം, വളർച്ച നിരീക്ഷണം, പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവെയ്പ്, ആരോഗ്യ പരിശോധന മുതലായ സേവനങ്ങളാണ് ഈ പദ്ധതി മുഖാന്തിരം നൽകുന്നത്. കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക, സമഗ്രവികസനത്തിനുള്ള അടിത്തറ പാകുക, രോഗാതുരത, ശിശുമരണ നിരക്ക്, കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്, ന്യൂന പോഷണം എന്നിവ കുറയ്ക്കുക, കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ അമ്മമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ സാമൂഹത്തിന് കൂടുതൽ സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ അംഗൻവാടി കേന്ദ്രങ്ങൾ ജനവിഭവ കേന്ദ്രങ്ങളാക്കുക എന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സംയോജിത ശിശു വികസന പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേരളത്തിലുള്ള മുഴുവൻ സംയോജിത ശിശുവികസന പദ്ധതി പ്രോജക്ടുകളും കേന്ദ്ര മേഖലയിലുള്ളവയാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly